# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :5013** 22.5.2017- ൽ മറുപടിക്ക്

## മൂർക്കനാട് ഹയർസെക്കന്ററി സ്കൂളിലെ അദ്ധ്യാപകന്റെ നടപടി

**ചോദ്യം**

**ശ്രീ.ജോർജ്ജ്.എം.തോമസ്**

(എ) മലപ്പുറം ജില്ലയിലെ മൂർക്കനാട് സുബ്ബുലുസലാം ഹയർസെക്കന്ററി സ്കൂളിലെ അദ്ധ്യാപകൻ വിദ്യാർത്ഥികളെ തെറ്റിദ്ധരിപ്പിച്ച് സർക്കാരിനും വിദ്യാഭ്യാസ വകുപ്പിനുമെതിരെ പ്രചരണം നടത്തിയതിനെതിരെ പരാതി ലഭിച്ചിട്ടുണ്ടോ;വിശദാംശം ലഭ്യമാക്കുമോ;

(ബി) എങ്കിൽ പരാതിയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

( സി) ഈ അദ്ധ്യാപകനെതിരെ നടപടികൾ സ്വീകരിക്കുമോ?വ്യക്തമാക്കുമോ?

**മറുപടി**

പ്രൊഫ. സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) യും (ബി) യും (സി) യും

മൂർക്കനാട് സുബ്ബുലുസലാം ഹയർസെക്കന്ററി സ്കൂളിലെ അദ്ധ്യാപകൻ വിദ്യാർത്ഥികളെ തെറ്റിദ്ധരിപ്പിച്ച് രക്ഷിതാവിന്റെ അനുവാദമില്ലാതെ സർക്കാരിനെയും വിദ്യാഭ്യാസ വകുപ്പിനെയും മോശമായി ചിത്രീകരിച്ചുകൊണ്ട് ഡോക്യുമെന്ററി ചിത്രീകരിച്ചു എന്ന പരാതി ടി വിദ്യാർത്ഥിനിയുടെ പിതാവിൽ നിന്നും ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ അന്വേഷണം നടത്തുവാൻ വണ്ടൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ